**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2928** **13-10-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിദുരന്തങ്ങൾ മത്സ്യബന്ധന മേഖലയ്ക്കുണ്ടാക്കിയ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്താകമാനം ഈയടുത്തകാലത്ത് അടിക്കടിയുണ്ടായ ന്യൂനമർദ്ദങ്ങളും അതിന്റെ ഭാഗമായ ചുഴലിക്കാറ്റും കനത്തമഴയും കടൽക്ഷോഭവും മത്സ്യമേഖലയ്ക്കും മത്സ്യബന്ധനത്തിനും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഉണ്ടാക്കിയ നാശനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ന്യൂന മർദ്ദത്തിലും ചുഴലിക്കാറ്റിലും 186 വീടുകൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നു. 3000 ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേക്ക് മാറ്റിയിരുന്നു. ഇതുകൂടാതെ മത്സ്യബന്ധന ഉപകരണങ്ങളുടെയും മത്സ്യകൃഷി ഫാമുകളുടെയും നഷ്ടം SDRF മാനദണ്ഡ പ്രകാരം കണക്കാക്കി 140.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി ദുരന്ത നിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. നൂതന കൃഷിരീതികളായ Biofloc, Recirculatory Aquaculture System, Cage farming, Intensive farming in Padutha എന്നിവയിൽ 398.58 e£w cq]യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് . 2021 ജനുവരി മുതൽ ഓഗസ്റ്റ് മാസം വരെയുള്ള കാലളവിൽ കടലിൽ ഉണ്ടായിട്ടുള്ള അപകടത്തിൽ 24 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി എത്ര മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനി സംഭവിച്ചു; എത്ര മത്സ്യബന്ധന ഉപാധികളും ബോട്ടുകളും വള്ളങ്ങളും കാണാതാകുകയും കേടുപാടുകൾക്ക് വിധേയമാകുകയും ചെയ്തു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ന്യൂന മർദ്ദത്തിലും ചുഴലിക്കാറ്റിലും 186 വീടുകൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നു. 3000 ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേക്ക് മാറ്റിയിരുന്നു. ഇതുകൂടാതെ മത്സ്യബന്ധന ഉപകരണങ്ങളുടെയും മത്സ്യകൃഷി ഫാമുകളുടെയും നഷ്ടം SDRF മാനദണ്ഡ പ്രകാരം കണക്കാക്കി 140.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി ദുരന്ത നിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. നൂതന കൃഷിരീതികളായ Biofloc, Recirculatory Aquaculture System, Cage farming, Intensive |

| | | | |
|---|---|---|---|
| | | | farming in Padutha എന്നിവയിൽ 398.58 e£w cq]യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് . 2021 ജനുവരി മുതൽ ഓഗസ്റ്റ് മാസം വരെയുള്ള കാലളവിൽ കടലിൽ ഉണ്ടായിട്ടുള്ള അപകടത്തിൽ 24 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ പ്രകൃതിദുരന്തങ്ങൾക്ക് വിധേയരായി മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ജീവനോപാധികൾ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തവർക്കും എന്തുസഹായം സർക്കാർ നല്കിവരുന്നു എന്നും വ്യക്തമാക്കുമോ? | (സി) | പ്രകൃതി ദുരന്തങ്ങൾ മൂലം മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് ധനസഹായം നൽകി വരുന്നത്. പ്രകൃതി ദുരന്തങ്ങളിൽ മത്സ്യ ബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കെടുത്ത് പ്രൊപ്പോസലുകൾ തയ്യാറാക്കി അതാത് കാലഘട്ടങ്ങളിൽ സംസ്ഥാന പ്രകൃതി ദുരന്ത പ്രതികരണ നിധിയിലേക്ക് സമർപ്പിക്കുകയും പ്രൊപ്പോസൽ പ്രകാരമുള്ള തുക അനുവദിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം 2018 പ്രളയത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് 1,43,11,000/- രൂപയും 2019 പ്രളയത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്കുണ്ടായ നാശനഷ്ടത്തിന് 28,86,600/- രൂപയും നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്. കൂടാതെ പ്രളയ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 485 എഞ്ചിനുകൾക്കും 592 വള്ളങ്ങൾക്കും സംഭവിച്ച കേടുപാടുകൾ തീർത്തു നൽകുകയും ചെയ്തിരുന്നു. പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 13 വള്ളങ്ങൾക്കും 10 എഞ്ചിനുകൾക്കും പകരം പുതിയവ നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഇന്ധന ചെലവ് ഉൾപ്പെടെ 2,59,46,436/- രൂപ ചെലവഴിച്ചിട്ടുണ്ട്. കടൽ ക്ഷോഭ ദുരന്തത്തിൽ അകപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി 2018 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. വകുപ്പിൽ രജിസ്റ്റർ ചെയ്ത എല്ലാ യാനങ്ങളെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധന ഉപാധികൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട 481 പേർക്ക് 7,13,33,612/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2018, 2019 കാലഘട്ടത്തിലെ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി കടൽ ക്ഷോഭത്തിൽപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾക്ക് പൂർണ്ണമായും ഭാഗികമായും ഉണ്ടായ നഷ്ടത്തിന് ജില്ലകളിൽ രൂപീകൃതമായിട്ടുള്ള ഇവാല്യുവേഷൻ കമ്മിറ്റി (ഓഖി ഇവാല്യുവേഷൻ കമ്മിറ്റി) ശുപാർശ ചെയ്ത നൽകിയ |

| | | | |
|---|---|---|---|
| | | | അപേക്ഷകളുടെ അടിസ്ഥാനത്തിൽ 122 പേർക്ക് 5.53 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായി നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടം കണക്കാക്കി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് ദുരന്ത നിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

No. of fully damaged boat – 29 nos @ 9600 Rs. 2,78,400/-

No. of partially damaged boat – 96 nos. @ 4100 Rs. 3,93,600/-

No. of fully damaged net- 235 nos @ 2600 Rs. 6,11,000/-

No. of partially damaged net. 47 nos. @ 2100 Rs. 98,700/-

**Sub Total - Rs. 13,81,700/-**

Farming area– 1549.75 hectare @ 8200 Rs.1,27,07,950/-

**Total – Rs. 1,40,89,650/-**